# നഗരസഭാ കാര്യാലയം, മൂവാറ്റുപുഴ

ആർ1- 7049/07

ഫോൺ : 0485 2835347
2830732

തീയതി : 28/11/2011

## മൂവാറ്റുപുഴ നഗരസഭാ കാര്യാലയം

**1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 233(10) പ്രകാരവും കേരള സർക്കാരിന്റെ 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തുനികുതിയും സേവനഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും പരസ്യപ്പെടുത്തുന്നത്.**

---

കേരളസർക്കാരിന്റെ 2011 ജനുവരി 14 - ാം തിയതിയിലെ സ.ഉ.നമ്പർ 17/2011 ത.സ്വ.ഭ.വ. ഉത്തരവ് അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപയോഗമനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുത്തിയും ബഹു. സർക്കാരിന്റെ 14/01/2011 ലെ 18/2011 ത.സ്വ.ഭ.വ നമ്പർ പ്രകാരം വസ്തു നികുതിയിൽമേൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിയും സർചാർജ്ജും ഈടാക്കുന്നതിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ നഗരസഭ കൗൺസിൽ 17/09/2011 ലെ 20 - ാം നമ്പർ തീരുമാനവും 25/11/2011 ലെ 17 - ാം നമ്പർ തീരുമാനവും പ്രകാരം താഴെ പറയുന്ന രീതിയിൽ അടിസ്ഥാന വസ്തു നികുതി നിരക്കും മേഖല വിഭജനവും റോഡുകളുടെ തരം തിരിവും നിശ്ചയിച്ചു കൊണ്ട് തീരുമാനമായിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടേയും ഉപവിഭാഗങ്ങളുടേയുംവിവരണം | നികുതി നിരക്ക് (ചതുരശ്ര മീറ്ററിന്) |
|---|---|---|
| A. | | |
| 1) | പാർപ്പിട ആവശ്യത്തിനുള്ളവ | 15 രൂപ |
| 2) | വാണിജ്യാവശ്യത്തിനുള്ളവ | |
| എ) | 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 60 രൂപ |
| ബി | 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 90 രൂപ |
| സി) | 200 ച.മീ. വരെ വിസ്തീർ ണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 70 രൂപ |
| ഡി) | 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 135 രൂപ |

| | | |
|---|---|---|
| ഇ) | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 60 രൂപ |
| 3) | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 70 രൂപ |
| 4) | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 15 രൂപ |
| 5) | ആശുപത്രികൾ | 15 രൂപ |
| 6) | അസംബ്ലികെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയേറ്റർ, കല്യാണ മണ്ഡപം, ലോഡ്ജ് | 50 രൂപ |
| 7) | വ്യവസായാവശ്യത്തിനുള്ളവ | |
| എ | കൈത്തറി, കശുവണ്ടി, കയർ പിരി ഷെഡ്, മത്സ്യ സംസ്ക്കരണ ഷെഡ്, കോഴിവളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, സ്റ്റോറേജ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടിക ചൂള, തടിമിൽ | 30 രൂപ |
| ബി | ഇതര വ്യവസായാവശ്യത്തിനുള്ളവ | 65 രൂപ |
| 8) | റിസോർട്ടുകൾ | 90 രൂപ |
| 9) | അമ്യൂസ്മെന്റ് പാർക്ക് | 45 രൂപ |
| 10) | മൊബൈൽ ടെലഫോൺ ടവർ | 500 രൂപ |
| B. | സേവന ഉപനികുതി നിരക്കുകൾ | |
| 1 | ശുചിത്വ പരിപാലനം - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ | 4 % |
| 2 | ജലവിതരണം - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ | 3 % |
| 3 | തെരുവ് വിളക്കുകൾ - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ | 2 % |
| 4 | ഡ്രൈനേജ് - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ | 1% |

C. മൂവാറ്റുപുഴ നഗരസഭയുടെ 25/11/2011 ലെ 17 -ാം നമ്പർ തീരുമാന പ്രകാരം നഗരസഭ പ്രദേശങ്ങളെ 3 മേഖലകളായും നഗര പരിധിക്കുള്ളിലുള്ള റോഡുകളെ 3 തരങ്ങളായും തിരിച്ചിട്ടുണ്ട്. മേഖലാ വിഭജനം, റോഡുകളുടെ തരം തിരിവ് എന്നിവയുടെ വിശദവിവരങ്ങൾ നഗരസഭ നോട്ടീസ് ബോർഡിലും www.muvattupuzhamunicipality.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അടിസ്ഥാന വസ്തു നികുതി മേഖല വിഭജനം റോഡ് തരം തിരിവ് എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപവും, അഭിപ്രായവും, നിർദ്ദേശവും ഉണ്ടെങ്കിൽ ആയത് പരസ്യ തീയതി മുതൽ ഒരു മാസത്തിനകം നഗരസഭ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**മുനിസിപ്പൽ സെക്രട്ടറി**